(ബി) ട്രെയിനിംഗ് കോളേജുകളില്ലാത്ത ജില്ലകൾ ഏത്ര, ഏവ;

(സി) ട്രെയിനിംഗ് കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ അടുത്ത് അദ്ധ്യയനവർഷം തന്നെ ഓരോ ട്രെയിനിംഗ് കോളേജുകൾ സ്ഥാപിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ)	തിരുവനന്തപുരം	ജില്ല	3
	കൊല്ലം	ജില്ല	2
	ആലപ്പുഴ	ജില്ല	3
	കോട്ടയം	ജില്ല	4
	എറണാകുളം	ജില്ല	2
	തൃശ്ശൂർ	ജില്ല	1
	പാലക്കാട്	ജില്ല	1
	കോഴിക്കോട്	ജില്ല	2
	കണ്ണൂർ	ജില്ല	1
	ആകെ		19

(ബി) രണ്ടു ജില്ലകളിൽ ട്രെയിനിംഗ് കോളേജുകൾ ഇല്ല. അവ ഇടുക്കിയും മലപ്പുറവുമാണ്.

(സി) ഈ കാര്യം പരിഗണനയിലാണ്.

പുതുക്കാട് അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസ്

1025 [1641] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടകര നിയോജകമണ്ഡലത്തിലെ പുതുക്കാട് ഒരു അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസ് ആരംഭിക്കുമോ?

ഉത്തരം

പുതുക്കാട് ഒരു എ. ഇ. ഒ. ഓഫീസ് ആരംഭിക്കുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

കേരളാസ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസിന്റെ പുതിയ ശാഖകൾ

1026 [1642] ശ്രീ. എം. പി. മാണി:
,, പി. സി. ജോസഫ്:
,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് ഇന്ന് എന്തെല്ലാം ബിസിനസ് കാര്യങ്ങൾ നടത്തുന്നുണ്ട്;

LIBRARY ARCHIVES, Kerala Legislative Assembly

(ബി) ചിട്ടികൾക്കു നിയന്ത്രണം ഏർപ്പെടുത്തിയതുകൊണ്ട് സാധാരണക്കാർക്ക് ചിട്ടിയിൽ ചേരുവാനും പണം സമ്പാദിക്കുവാനും ബുദ്ധിമുട്ടു നേരിടുന്നതിനാൽ ചുരുങ്ങിയത് മുനിസിപ്പൽ പ്രദേശങ്ങളിലെങ്കിലും പുതിയ ശാഖകൾ തുറക്കുവാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) കേരളാസ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസ് ഇപ്പോൾ ചിട്ടി, ഹയർപർച്ചേസ്, 'ഭദ്രത' എന്ന സാമൂഹ്യസുരക്ഷിതത്വപദ്ധതി എന്നീ ബിസിനസ്സുകൾ നടത്തുന്നു.

(ബി) കമ്പനിയുടെ പ്രവർത്തനം ലാഭകരമായി നടത്താൻ സാദ്ധ്യതയുണ്ടെന്നു ബോദ്ധ്യപ്പെടുന്ന എല്ലാ പ്രദേശങ്ങളിലും ശാഖകൾ ക്രമമായി തുറക്കുവാൻ ഉദ്ദേശമുണ്ട്.

പത്രപ്രവർത്തകരുടെ ക്ഷേമത്തിന് നടപടി

1027 [1644] ശ്രീ. കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന് എത്ര പത്രജീവനക്കാരുണ്ട്; പത്രപ്രവർത്തകരുടെ ക്ഷേമത്തിന് ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

പത്രജീവനക്കാരുടെ എണ്ണത്തെ സംബന്ധിച്ച കൃത്യമായ വിവരം ശേഖരിച്ചുവരുന്നു. ജില്ലാ ആസ്ഥാനങ്ങളിലെ പത്രലേഖകർക്ക് അക്കഡിറേഷനും സൗജന്യ യാത്രാ സൗകര്യവും നൽകുന്നുണ്ട്. അവശ പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കുംവേണ്ടി രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിൽനിന്ന് അവർക്കു പ്രതിമാസം വിവിധ നിരക്കുകളിൽ ധനസഹായം നൽകിവരുന്നു. പത്രപ്രവർത്തകർക്കു വേണ്ടിയൊരു ഭവന നിർമ്മാണ പദ്ധതിയും നടപ്പാക്കുന്നുണ്ട്.

ധനകാര്യവകുപ്പിൽ ഭാരിച്ച ശമ്പളമുള്ള പുതിയ പോസ്റ്റുകൾ ഉണ്ടാക്കുന്ന നടപടി

1028 [1645] ശ്രീ. ആർ. സുന്ദരേശൻനായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ധനകാര്യവകുപ്പിൽ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ പുതിയതായി എത്ര സെക്ഷനുകളും ഉയർന്ന ഓഫീസർ തസ്തികകളും സൃഷ്ടിച്ചു;

(ബി) ഇത്രയധികം ഭാരിച്ച ശമ്പളം പറ്റുന്ന ഉയർന്ന ഉദ്യോഗസ്ഥൻമാർ സെക്രട്ടേറിയറ്റിലെതന്നെ വേറെ ഏതെങ്കിലും വകുപ്പുകളിൽ ഉണ്ടോ;

(സി) ഈ വകുപ്പിൽ ഇപ്പോൾ ജോലിയില്ലാത്ത സെക്ഷനുണ്ടെങ്കിൽ നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ധനകാര്യവകുപ്പിൽ ഓരോ വർഷവും ഭാരിച്ച ശമ്പളം ഉള്ള പുതിയ പോസ്റ്റുകൾ ഉണ്ടാക്കുന്നതു തടയുകയും പൊതുജനാവശ്യ ഇതിനുവേണ്ടി നശിപ്പിക്കാതിരിക്കയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly